**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3296** **25-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ മൊബൈൽ ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനുവേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) | ലാൻഡ് റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനുവേണ്ടിയുള്ള ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, പാലക്കാട് ആണ്. നിലവിലെ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് ഫണ്ട് ഒന്നും തന്നെ NIC യ്ക്ക് അനുവദിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത ആപ്ലിക്കേഷന്റെ സേവനം ഫലപ്രദമാണോയെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | 2017 മുതൽ ഓൺലൈൻ ആയി നികുതി ഒടുക്കുന്നതിന് ഉപയോഗിച്ചുവരുന്ന റവന്യൂ വെബ്പോർട്ടലിന്റെ മൊബൈൽ വേർഷൻ ആണ് ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ. സ്മാർട്ട് ഫോണുകളിലെ അടിസ്ഥാന സേവനങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നവർക്ക് അനായാസം കൈകാര്യം ചെയ്യുവാൻ പാകത്തിൽ ലളിതമായ യൂസർ ഇന്റർഫേസുകളും പ്രോസസ്സുകളുമാണ് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്ന വെബ് പോർട്ടലുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും തയാറാക്കിയിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും വെബ് പോർട്ടലുകളിലൂടെയും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോമൺ സർവ്വീസ് സെന്ററുകളും സന്നദ്ധമാണ്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന വിവിധ തലങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായവും പ്രതികരണങ്ങളും അനുസരിച്ച് ബന്ധപ്പെട്ട ആപ്ളിക്കേഷനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ